# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| സെപ്റ്റംബർ 23<br>September 23 | 2019 |
|---|---|

*1193 കന്നി* 7 തിങ്കൾ

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകി**

പ്രളയ ദുരിതം ബാധിച്ച ജനങ്ങൾക്ക് ധനസഹായവുമായി ജില്ലാ വോളിബോൾ അസോസിയേഷനും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് അസോസിയേഷൻ അംഗങ്ങൾ സമാഹരിച്ച എണ്ണായിരം രൂപ ജില്ലാ കളക്ടർ പി ബി നൂഹിന് ജില്ലാ വോളിബോൾ അസോസിയേഷൻ ട്രഷറർ അനിൽ പമ്പ കൈമാറി. ജോയിന്റ് സെക്രട്ടറി സുധി പ്രകാശ് പങ്കെടുത്തു. (പിഎൻപി 2613/19)

**യോഗങ്ങൾ മാറ്റിവച്ചു**

കോന്നി ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഇന്ന് (24) നടത്താനിരുന്ന ജില്ലാ ശിശുക്ഷേമ സമിതിയുടെ ജനറൽ ബോഡി യോഗം, ശിശുപരിചരണ കേന്ദ്രത്തിന്റെ മാനേജിംഗ് കമ്മിറ്റി, ശിശുദിനാഘോഷ പരിപാടികളുടെ സ്വാഗത സംഘം രൂപീകരണ യോഗം, 28ന് നടത്താനിരുന്ന ജില്ലാ വികസന സമിതിയോഗം, ഒക്ടോബർ ഒന്നിന് നടത്താനിരുന്ന ജില്ലാ ആസൂത്രണ സമിതിയോഗം എന്നിവ മാറ്റിവച്ചു.

(പിഎൻപി 2614/19)

**കോന്നി ഉപതെരഞ്ഞെടുപ്പ്; വിജ്ഞാപനമായി**

കോന്നി നിയോജക മണ്ഡലം ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിജ്ഞാപനമായി. കോന്നി നിയോജക മണ്ഡലം(114) വരണാധികാരിയും എൽ ആർ ഡെപ്യൂട്ടി കളക്ടറുമായ എം.ബി ഗിരീഷാണ് വിജ്ഞാപനം പുറപ്പെടുവിച്ചത്. നാമനിർദേശ പത്രികകൾ ഈ മാസം 30 വരെയുള്ള പ്രവർത്തിദിവസങ്ങളിൽ രാവിലെ 11 മുതൽ ഉച്ചകഴിഞ്ഞ് മൂന്നു വരെ

കളക്ടറേറ്റിൽ വരണാധികാരിയായ എൽ ആർ ഡെപ്യൂട്ടി കളക്ടർ എം.ബി ഗിരീഷ്, ഉപ വരണാധികാരിയായ കോന്നി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സി.പി രാജേഷ്കുമാർ (ബ്ലോക്ക് പഞ്ചായത്തിൽ) എന്നിവരുടെ മുമ്പാകെ സമർപ്പിക്കാം. നാമനിർദേശ പത്രികയുടെ ഫാറങ്ങൾ കളക്ടറേറ്റിലും കോന്നി ബ്ലോക്ക് പഞ്ചായത്തിലും ലഭിക്കും. ലഭിക്കുന്ന നാമനിർദേശപത്രികകൾ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ഒക്ടോബർ ഒന്നിന് രാവിലെ 11ന് സൂക്ഷ്മ പരിശോധന നടത്തും. സ്ഥാനാർഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന സമയം ഒക്ടോബർ മൂന്നിന് ഉച്ചകഴിഞ്ഞ് മൂന്നുവരെയാണ്. ഒക്ടോബർ 21ന് രാവിലെ ഏഴ് മുതൽ വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ് നടക്കുന്നത്. വോട്ടെണ്ണൽ 24 നടക്കും.

(പിഎൻപി 2615/19)

## ട്രങ്ക് ബോക്സ് ആവശ്യമു ്

ചാലക്കയം, മൂഴിയാർ, അട്ടത്തോട് പ്രദേശങ്ങളിലെ പട്ടികവർഗ കുടുംബങ്ങളുടെ ആവശ്യത്തിലേക്കും ചിറ്റാർ, കടുമീൻചിറ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലിലെ അന്തേവാസികളുടെ ആവശ്യത്തിലേക്കും ട്രങ്ക് ബോക്സ് വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ ഈ മാസം 27ന് വൈകിട്ട് മൂന്നിനകം ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, തോട്ടമൺ, റാന്നി എന്ന വിലാസത്തിൽ ലഭിക്കണം. (പിഎൻപി 2616/19)

## ശബരിമല: ദർഘാസ് ക്ഷണിച്ചു

ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ ചുമതലയിൽ നിയോഗിക്കുന്ന വിശുദ്ധി സേനാംഗങ്ങൾക്ക് യൂണിഫോമിൽ വിവിധ മുദ്രകൾ സ്ക്രീൻ പ്രിന്റ് ചെയ്യുന്നതിനും സന്നിധാനം, പമ്പ, നിലയ്ക്കൽ, പന്തളം, കുളനട എന്നിവിടങ്ങളിൽ ശുചീകരണങ്ങൾക്കായി വിവിധ സാമഗ്രികൾ വിതരണം ചെയ്യുന്നതിനും സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ട്രാക്ടർ ട്രെയിലറുകൾ വിതരണം ചെയ്യുന്നതിനും ദർഘാസ് ക്ഷണിച്ചു. കൂടുതൽ വിവരം അടൂർ റവന്യു ഡിവിഷണൽ ഓഫീസിൽ ലഭിക്കും. ഫോൺ: 04734 224827. (പിഎൻപി 2617/19)

## ഉപതെരഞ്ഞെടുപ്പ്: രാഷ്ട്രീയപാർട്ടികളുടെ യോഗം ഇന്ന് (24)

കോന്നി നിയസഭാ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് രാഷ്ട്രീയപാർട്ടി പ്രതിനിധികളുടെ യോഗം ഇന്ന് (24) ഉച്ചയ്ക്ക് ശേഷം നാലിന് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേരും. (പിഎൻപി 2618/19)

## കോന്നി നിയമസഭാ ഉപതെരഞ്ഞെടുപ്പ്; ആദ്യദിനം ആരും പത്രിക നൽകിയില്ല

കോന്നി നിയമസഭാ ഉപതെരഞ്ഞെടുപ്പിന് ആദ്യദിനം ആരും പത്രിക സമർപ്പിച്ചില്ല. നാമനിർദേശ പത്രികകൾ 30 വരെയാണ് സ്വീകരിക്കുന്നത്. ഇന്നലെ(23)യാണ് തെരഞ്ഞെടുപ്പ് വിജ്ഞാപനം കോന്നി നിയോജകമണ്ഡലം വരണാധികാരിയും എൽ.ആർ ഡെപ്യൂട്ടി കളക്ടറുമായ എം. ബി ഗിരീഷ് പുറപ്പെടുവിച്ചത്. (പിഎൻപി 2619/19)

## അഭിമുഖം മാറ്റിവച്ചു

തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഇന്ന് (24) നടത്താനിരുന്ന പാർട്ട് ടൈം സ്വീപ്പർ അഭിമുഖം മാറ്റവച്ചതായി ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 2620/19)

## ഒറ്റത്തവണ പ്രമാണ പരിശോധന

ജില്ലയിൽ ഹോമിയോപ്പതി വകുപ്പിൽ അറ്റൻഡർ ഗ്രേഡ് ര ് (കാറ്റഗറി നമ്പർ

092/2016) സാധ്യതാപട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളുടെ ഒറ്റത്തവണ പ്രമാണ പരിശോധന 25ന് രാവിലെ 10ന് ജില്ലാ പി.എസ്.സി ഓഫീസിൽ നടക്കും. ഉദ്യോഗാർഥികൾ തിരിച്ചറിയൽ രേഖ, പ്രായം, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കറ്റ്, സംവരണാനുകൂല്യം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ എന്നിവയുടെ അസൽ സഹിതം ഹാജരാകണം. ഫോൺ: 0468 2222665.

(പിഎൻപി 2621/19)

## കെട്ടിട നികുതി: ഡാറ്റകൾ പരിഷ്കരിച്ചു

കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി, കെട്ടിട നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പഴയ വാർഡ് പ്രകാരം കെട്ടിടങ്ങളുടെ ഡാറ്റകൾ ശേഖരിച്ച് പരിഷ്കരിച്ചു. നികുതിദായകർ നിലവിലുള്ള കെട്ടിട നികുതി സംബന്ധിച്ച് ആക്ഷേപമുണ്ടെങ്കിൽ ഈ മാസം 30നകം രേഖാമൂലം നൽകണമെന്ന് സെക്രട്ടറി അറിയിച്ചു. (പിഎൻപി 2622/19)

## ഫോട്ടോ അടിക്കുറിപ്പ്

1) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജില്ലാ വോളിബോൾ അസോസിയേഷന്റെ സംഭാവന ജില്ലാ കളക്ടർക്ക് സെക്രട്ടറി അനിൽ പമ്പ കൈമാറുന്നു.




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **സെപ്റ്റംബർ 23**<br>**September 23** | **2019** |

***1193 കന്നി** 7 തിങ്കൾ*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലേലം**

റാന്നി വെറ്ററിനറി പോളിക്ലിനിക്കിലെ ക ം ചെയ്ത സെമി ഓട്ടോ അനലൈസർ ഈ മാസം 27ന് പോളിക്ലിനിക്കിൽ ലേലം ചെയ്യും. (പിഎൻപി 2623/19)

**ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ്**

സംസ്ഥാന യുവജന ക്ഷേമ ബോർഡ് ജില്ലാ യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ കുളനട ഗ്രാമപഞ്ചായത്ത് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗ ിൽ ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റ് നടത്തി. റാന്നി സ്ട്രൈക്കേഴ്സ് എഫ് സി ഒന്നാം സ്ഥാനവും, അടൂർ ഹൃദ ചാരിറ്റബിൾ ക്ലബ്ബ് ര ാം സ്ഥാനവും, യംഗ് സ്റ്റാർ കല്ലുംകൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് യുവജന ക്ഷേമ ബോർഡ് ജില്ലാ കോ-ഓർഡിനേറ്റർ ആർ.ജയൻ ട്രോഫിയും, 25000,10000, 5000 എന്നീ ക്രമത്തിൽ ക്യാഷ് അവാർഡും നൽകി. സമ്മാനദാനചടങ്ങിൽ ജില്ലാ യൂത്ത് ഇൻഫർമേഷൻ ഓഫീസർ ആർ.ശ്രീലേഖ പങ്കെടുത്തു.
(പിഎൻപി 2624/19)

**റാങ്ക് പട്ടിക**

ജില്ലയിൽ എക്സൈസ് വകുപ്പിൽ ഡ്രൈവർ തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ 659/17) റാങ്ക് പട്ടിക പി.എസ്.സി പ്രസിദ്ധീകരിച്ചു. (പിഎൻപി 2625/19)

## ഫോട്ടോ അടിക്കുറിപ്പ്

2) ജില്ലാ യുവജന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിയ ജില്ലാതല സെവൻസ് ഫുട്ബോൾ ടൂർണമെന്റിൽ ഒന്നാം സ്ഥാനം നേടിയ റാന്നി സ്ട്രൈക്കേഴ്സ് എഫ്സിക്ക് യുവജന ക്ഷേമ ബോർഡ് ജില്ലാ കോ–ഓർഡിനേറ്റർ ആർ.ജയൻ ട്രോഫി സമ്മാനിക്കുന്നു.




വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**സെപ്റ്റംബർ 23**

**September 23**

**2019**

***1193 കന്നി* 7 തിങ്കൾ**

# പത്രക്കുറിപ്പ് -3

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഇന്റർവ്യൂ മാറ്റിവച്ചു**

തെരഞ്ഞെടുപ്പ് പെരുമാറ്റ ചട്ടം നിലവിൽ വന്ന സാഹചര്യത്തിൽ സഹകരണ വകുപ്പ് പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിയമനത്തിനായി നാളെ(25) നടത്താൻ നിശ്ചയിച്ചിരുന്ന ഇന്റർവ്യൂ മാറ്റിവച്ചതായി ജോയിന്റ് രജിസ്ട്രാർ(ജനറൽ) അറിയിച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും. (പിഎൻപി 2626/19)

**നിയമസഭാ സമിതി യോഗം മാറ്റിവച്ചു**

സംസ്ഥാന നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെൻഡറുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി ഇന്ന്(24) രാവിലെ 10ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരാനിരുന്ന യോഗം മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ മാറ്റി വച്ചു. (പിഎൻപി 2627/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.